# ആറളം ഫാമിങ്ങ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം)

പി.ഒ.ആറളം ഫാം, പേരാവൂർ വഴി, കണ്ണൂർ ജില്ല-670 673.

ഫോൺ:+91490 2446930 / 2444740, 9496045386, 8281310962

e-mail: aralamfarm2010@gmail.com


എഎഫ്/2-2/എംകെജി(എ) തിയ്യതി:14.03.2017.

## നാളികേര വിൽപ്പന പരസ്യം

ഏകദേശം 100000(ഒരു ലക്ഷം) നാളികേരം ഏകദേശം 25,000 വീതമുള്ള ലോട്ടുകളായി ‘‘എവിടെ എങ്ങിനെ’’ എന്ന വ്യവസ്ഥയിൽ 22.03.2017 ന് (ബുധൻ) രാവിലെ 11.30 മണിക്ക് നിബന്ധനകൾക്ക് വിധേയമായി ഈ ഓഫീസിൽ വെച്ച് ദർഘാസ്/ലേലം മുഖേന വിൽക്കുന്നതാണ്. ഓരോ ലോട്ടിനും പ്രത്യേകം പ്രത്യേകം 1000 നാളികേരത്തിനുള്ള നിരക്ക് കാണിച്ച് മുദ്ര വെച്ച ടെണ്ടറുകൾ 22.03.2017 ന് രാവിലെ 11 മണിക്കുള്ളിൽ ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. 11 മണിക്ക് ശേഷം ലഭിക്കുന്ന ദർഘാസുകൾ യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല. ദർഘാസുകൾ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. ദർഘാസിൽ ദർഘാസുകാരന്റെ മേൽവിലാസവും ഫോൺ നമ്പറുകളും രേഖപ്പെടുത്തേണ്ടതാണ്. 22.03.2017 ന് രാവിലെ 11.30 മണിക്ക് ആദ്യം ലേലം നടത്തുന്നതും പിന്നീട് ദർഘാസുകൾ തുറക്കുന്നതുമാണ്. രണ്ടിലും കൂടിയ നിരക്ക് ഫാമിന് സ്വീകാര്യമാണെങ്കിൽ മാത്രം അംഗീകരിക്കുന്നതായിരിക്കും. ഉൽപന്നത്തിന് തൃപ്തികരമായ വില ലഭിക്കാതെ വരികയാണെങ്കിൽ ആയതിലേക്ക് ലേലം/ദർഘാസിൽ പങ്കെടുക്കുന്നവരുമായി മറ്റൊരു വിലപേശലിലൂടെ തൃപ്തികരമായ വിലയിൽ എത്തിചേരുന്നതിന് ശ്രമിക്കാവുന്നതാണ്. ലേലം/ദർഘാസിൽ പങ്കെടുക്കുന്നവർ ഓരോ ലോട്ടിനും 10,000/- രൂപ വീതം നിരതദ്രവ്യം ‘‘ആറളം ഫാമിങ്ങ് കോർപ്പറേഷന്റെ പേരിൽ എടുത്ത മൂല്യശോഷണമില്ലാതെ ഇരിട്ടി (കണ്ണൂർ ജില്ല) യിൽ മാറാവുന്ന ഡി.ഡി. ഹാജരാക്കേണ്ടതാണ്. ഓരോ ലോട്ടിലുമുള്ള നാളികേരത്തിന്റെ ഏകദേശം എണ്ണം മാത്രമാണ് കാണിച്ചിരിക്കുന്നത്. എന്നാൽ നിബന്ധന 5-ൽ പറയും പ്രകാരം തുക അടക്കേണ്ടതും, അടച്ച തുക കുറവാണെങ്കിൽ ബാക്കി തുക സാധനം കൊണ്ടുപോകുന്നതിനുമുൻപ് ഫാം ഓഫീസിൽ അടച്ചിരിക്കേണ്ടതുമാണ്. അഡ്വാൻസായി അടച്ച തുക അധികം ആണെങ്കിൽ ആയത് കരാറുകാരൻ സാധനം തൃപ്തികരമായി കൊണ്ടുപോയതിനുശേഷം മാത്രം തിരിച്ചുനൽകുന്നതാണ്. എന്നാൽ ആയതിലേക്ക് യാതൊരുവിധ പലിശയും നൽകുന്നതല്ല.

നിരതദ്രവ്യം കൂടാതെയുള്ള ദർഘാസുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഏറ്റവും കൂടുതൽ നിരക്ക് നൽകിയ ദർഘാസ്/ലേലക്കാരുടെ ഒഴികെയുള്ള എല്ലാവരുടേയും നിരതദ്രവ്യം അന്നുതന്നെ തിരികെ നൽകുന്നതും വിജയിയായ ദർഘാസ്/ലേലക്കാരന്റെ നിരതദ്രവ്യം ഉൽപ്പന്നം തൃപ്തികരമായി ഫാമിൽ നിന്നും നീക്കം ചെയ്തതിനുശേഷം മാത്രം തിരിച്ചുനൽകുന്നതുമാണ്. എന്നാൽ ആയതിലേക്ക് യാതൊരു പലിശയും നൽകുന്നതല്ല.

ദർഘാസ്/ലേലദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധി/ഹർത്താൽ ആവുകയാണെങ്കിൽ ആയത് അടുത്ത പ്രവർത്തിദിവസം അതേ സ്ഥലത്തും സമയത്തും നടത്തുന്നതായിരിക്കും. ആയത് ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ അന്വേഷിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

<u>നിബന്ധനകൾ:</u>

1. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്ന എല്ലാവരും ദർഘാസ്/ലേല നിബന്ധനകൾ വായിച്ച് മനസിലാക്കിയെന്നും ആയത് അംഗീകരിക്കുന്നതിന്റെ തെളിവിലേക്കായി ദർഘാസ്/ലേല നോട്ടീസിന്റെ ഒരു കോപ്പിയിൽ പേരും മേൽ വിലാസവുമെഴുതി ഒപ്പിട്ട് ലേലം/ദർഘാസിനു മുൻപായി അധികാരികളെ ഏൽപ്പിക്കേണ്ടതാണ്

2. ലേലം /ദർഘാസിൽ പങ്കെടുക്കുന്ന എല്ലാവരും ദർഘാസിനു മുൻപു തന്നെ ഉൽപ്പന്നം കണ്ട് ബോധ്യപ്പെടേണ്ടതാണ്. ഇതു സംബന്ധിച്ച് ദർഘാസിനുശേഷമുള്ള യാതൊരു പരാതികളും

പരിഗണിക്കുന്നതല്ല. നിരതദ്രവ്യം ഡി.ഡി.ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ യാതൊരു കാരണവശാലും പണമായി സ്വീകരിക്കുന്നതല്ല.

3. ദർഘാസ് കാരണം കാണിക്കാതെ സ്വീകരിക്കുവാനോ നിരാകരിക്കുവാനോ ഉള്ള അധികാരവും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുവാനുള്ള അധികാരവും ഫാം മാനേജിങ്ങ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

....p/2



4. വിജയിയാകുന്ന ദർഘാസ്/ലേലക്കാരൻ 28.03.2017 തിയ്യതിക്കോ അതിനു മുൻപോ ദർഘാസ്/ലേലം കൊണ്ട ഉൽപ്പന്നം മുഴുവൻ എണ്ണം ബോദ്ധ്യപ്പെടുത്തി ഫാമിൽനിന്നും നീക്കം ചെയ്യേണ്ടതാണ്. ഈ കരാർ സംബന്ധിച്ച എല്ലാ ഇടപാടുകളും ദർഘാസ്/ലേലക്കാരൻ ബന്ധപ്പെട്ട സെക്ഷൻ ഓഫീസർ മുഖേന നേരിട്ട് നടത്തേണ്ടതാണ്

5. <u>വിജയിയാകുന്ന ലേലം/ദർഘാസുകാരൻ ലേലം കൊണ്ട മൊത്തം തുകയുടെ 10% അന്നും 20% 25.03.2017 നോ അതിനു മുൻപോ, ബാക്കി 70% തുക 28.03.2017 നോ അതിനു മുൻപോ പണമായോ ആറളം ഫാമിങ്ങ് കോർപ്പറേഷൻ (കേരള) ലിമിറ്റഡിന്റെ പേരിൽ ഇരിട്ടിയിൽ മാറാവുന്ന ഡി.ഡി ആയോ ഈ ഓഫീസിൽ അടച്ചിരിക്കേണ്ടതാണ്</u> എന്നാൽ 30% തുക അടച്ചതിനുശേഷം ബാക്കി തുക ഒന്നിച്ച് അടക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഓരോ ലോഡിന്റെ വിലയടച്ചും ഉൽപ്പന്നം കൊണ്ടുപോകാവുന്നതാണ്. 30% തുക അവസാനം കൊണ്ടുപോകുന്ന ലോഡിന്റെ വിലയിൽ പരിഗണിക്കുന്നതാണ്. ഫാമിൽ അടക്കേണ്ടുന്ന 50,000 രൂപ മുതൽ മുകളിലുള്ള തുക ബാങ്ക് അക്കൗണ്ട് മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. യാതൊരു കാരണവശാലും പണമായി ഫാമിൽ സ്വീകരിക്കുന്നതല്ല.

6. വിജയിയാകുന്ന ദർഘാസ്/ലേലക്കാരൻ മേൽപ്പറഞ്ഞിട്ടുള്ള പ്രകാരം തുക അടക്കാതിരുന്നാൽ

അടക്കേണ്ട തുക 25% വാർഷിക പലിശയോടുകൂടി അടക്കുന്നതിന് 30.03.2017 വരെ സമയം അനുവദിക്കുന്നതാണ്. ദർഘാസ്/ലേലം കൊണ്ട ഉൽപ്പന്നം മേൽപ്പറഞ്ഞിട്ടുള്ള

കാലവധിക്കുള്ളിൽ നീക്കം ചെയ്യാതിരിക്കുകയാണെങ്കിൽ ആയത് നീക്കം ചെയ്യുന്നതിന് 30.03.2017 വരെ സമയം അനുവദിക്കുന്നതാണ്. എന്നാൽ 28.03.2017 മുതൽ 30.03.2017 വരെ 100 എണ്ണത്തിന് ഒരു ദിവസത്തേക്ക് 2 രൂപ പ്രകാരം തറ വാടക ഈടാക്കുന്നതായിരിക്കും.

7. ദർഘാസ്/ലേലം കൊണ്ട ഉൽപ്പന്നത്തിന് നിയമപരമായി ബാധകമായിട്ടുള്ള എല്ലാ തരം നികുതികളും വിജയിയായ ദർഘാസ്/ലേലക്കാരൻ നിശ്ചിത സമയത്തുതന്നെ ഈ ഓഫീസിൽ അടച്ചിരിക്കേണ്ടതാണ്.

8. വിജയിയാകുന്ന ദർഘാസ്/ലേലക്കാരൻ നിബന്ധനകളിൽ പറഞ്ഞിട്ടുള്ള പ്രകാരം തുക അടക്കാതിരിക്കുകയോ, ഉൽപ്പന്നം കാലാവധിക്കുള്ളിൽ കൊണ്ടുപോകാതിരിക്കുകയോ ദർഘാസ്/ലേലം കൊണ്ടശേഷം ആയത് വേണ്ടന്നു വയ്ക്കുകയോ ചെയ്യുകയാണെങ്കിൽ നിരതദ്രവ്യം അടക്കം അതുവരെ ഈ ഓഫീസിൽ അടച്ച മുഴുവൻ തുകയും യാതൊരു അറിയിപ്പും കൂടാതെ ഈ സ്ഥാപനത്തിലേക്ക് മുതൽക്കൂട്ടുന്നതും, കരാർ റദ്ദാക്കുന്നതും, ഉൽപ്പന്നം വീണ്ടും ദർഘാസ്/ലേലം മുഖാന്തിരം വിൽക്കുകയാണെങ്കിൽ ആയതിന്റെ ചെലവും നഷ്ടങ്ങളും പ്രസ്തുത ലേലം/ദർഘാസുകാരൻ നൽകുവാൻ ബാധ്യസ്ഥനായിരിക്കും. എന്നാൽ പുനർ ലേലത്തിൽ കൂടുതൽ തുക ലഭിക്കുകയാണെങ്കിൽ ആയതിലേക്ക് ദർഘാസ്/ലേലക്കാരന് യതൊരു അവകാശവും ഉണ്ടായിരികൂന്നതല്ല.

9. ഫാം പ്രവർത്തിദിവസങ്ങളിലും പ്രവർത്തിസമയങ്ങളിലും മാത്രമേ ഉൽപ്പന്നം കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ.. ദർഘാസ്/ലേലക്കാരൻ ഫാം തൊഴിലാളികളെ യാതൊരുതരത്തിലുള്ള ജോലിക്കും നിയോഗിക്കുവാൻ പാടില്ല.

10. ദർഘാസ്/ലേലക്കാരൻ ലേലം കൊണ്ട ഉൽപ്പന്നം സെക്യൂരിറ്റി ഗാർഡിന്റെ പരിശോധനക്ക് വിധേയമായി മാത്രമേ പുറത്തുകൊണ്ടുപോകാൻ പാടുള്ളൂ.

11. ദർഘാസ്/ലേലക്കാരനിൽനിന്നോ, അയാളുടെ തൊഴിലാളികളിൽ നിന്നോ ഫാമിന് ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആയതിലേക്ക് ഫാം അധികാരികൾ നിശ്ചയിക്കുന്ന തുക നഷ്ടപരിഹാരമായി ദർഘാസ്/ലേലക്കാരനിൽനിന്നും വസൂൽ ചെയ്യുന്നതായിരിക്കും.

12. കരാറുകാരനിൽനിന്നോ ടിയാന്റെ ഏജൻറിൽ നിന്നോ തൊഴിലാളികളിൽനിന്നോ ഫാമിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടുള്ളതല്ല. മാത്രവുമല്ല, നിയമ വിധേയമല്ലാത്ത പ്രവർത്തികൾ കരാറുകാരനോ ടിയാന്റെ തൊഴിലാളികളോ ഫാമിനുള്ളിൽ ചെയ്യുവാൻ പാടില്ല

13. ആറളം ഫാമിലെ തൊഴിലാളികൾക്കോ മറ്റ് ജീവനക്കാർക്കോ ഈ ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

....p/3



14. ഫാം മാനേജിങ്ങ് ഡയറക്ടർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, തൊഴിലാളികൾ, കരാറുകാരൻ ഉൽപ്പന്നം

കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ പരിശോധിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്

15. തീപിടുത്തം, വരൾച്ച, പ്രകൃതിക്ഷോഭം, തൊഴിലാളികളുടെ സമരം/പണിമുടക്ക് മുതലായവ മൂലം ദർഘാസ്/ലേലക്കാരന് എന്തെങ്കിലും തരത്തിലുള്ള നഷ്ടങ്ങൾ സംഭവിച്ചാൽ ആയതിന് ആറളം ഫാം ഉത്തരവാദിയായിരിക്കുന്നതോ നഷ്ടപരിഹാരങ്ങൾ നൽകുന്നതോ അല്ല.

16. ദർഘാസ്/ലേലം കൊണ്ട ഉൽപ്പന്നം ദർഘാസ്/ലേലക്കാരൻെറ സ്വന്തം ചെലവിലും ഉത്തരവാതിത്വത്തിലും എണ്ണി/അളവ് ബോദ്ധ്യപ്പെടുത്തി ലോഡ് ചെയ്ത് കൊണ്ടുപോകേണ്ടതാണ്. ദർഘാസ്/ലേലം കൊണ്ട ഉൽപ്പന്നം കൊണ്ടുപോകുന്നതിനായി വാഹന സൗകര്യമോ, മറ്റ് ഏതെങ്കിലും തരത്തിലുള്ള ഏർപ്പാടുകളോ ഫാം ചെയ്തുതരുന്നതല്ല. ദർഘാസ്/ലേലം കൊണ്ട ഉൽപ്പന്നം കൊണ്ടുപോകുന്നതിലേക്ക് സർക്കാരിൽ നിന്നും എന്തെങ്കിലും തരത്തിലുള്ള പാസ്സ്/അനുവാദം ആവശ്യമുണ്ടെങ്കിൽ ആയത് ദർഘാസ്/ലേലക്കാരൻ തന്നെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ബന്ധപ്പെട്ടവരിൽനിന്നും വാങ്ങേണ്ടതാണ്

17.ദർഘാസിൽ ഉൽപ്പന്നത്തിൻെറ എകദേശ അളവ് മാത്രമാണ് കാണിച്ചിട്ടുള്ളത്. ആയത് കൂടുവാനോ കുറയുവാനോ സാധ്യതയുണ്ട്. ലേലം കൊണ്ട ലോട്ടിൽ ഉൽപ്പന്നം കുറവ് ഉണ്ടായാൽ ആയതിന് പകരം മറ്റ് ലോട്ടിൽനിന്നും ഉൽപ്പന്നം അനുവദിക്കുന്നതല്ല. എന്നാൽ ലേലം കൊണ്ട ലോട്ടിൽ ലേലം/ദർഘാസ് നോട്ടീസിൽ പറഞ്ഞിരിക്കുന്നതിൽ കൂടുതൽ അളവിൽ ഉൽപ്പന്നം ഉണ്ടായാൽ ആയത് ഫാം ആവശ്യപ്പെട്ടാൽ കരാറുകാരൻ എടുക്കുവാൻ ബാദ്ധ്യസ്ഥനാണ്.

18. മേൽ വ്യവസ്ഥകളെപ്പറ്റിയോ നടത്തിപ്പിനെപ്പറ്റിയോ എന്തെങ്കിലും തരത്തിലുള്ള തർക്കങ്ങൾ ലേലം/ദർഘാസുകാരനുമായി ഉണ്ടാവുകയാണെങ്കിൽ ആയത് ആറളം ഫാമിങ്ങ് കോർപ്പറേഷൻ ചെയർമാൻെറ മധ്യസ്ഥതയ്ക്ക് അയക്കുന്നതും അദ്ദേഹമോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എടുക്കുന്ന തീരുമാനം അന്തിമവും ഇരുകക്ഷികളും സ്വീകരിക്കുവാൻ ബാധ്യസ്ഥരുമാണ്. ഈ ഇടപാട് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിയമ വ്യവഹാരം വേണ്ടിവന്നാൽ അത് മട്ടന്നൂർ/തലശേരി കോടതികളിൽ മാത്രം നടത്തേണ്ടതണ്.

19. ലേലം/ദർഘാസിൽ പങ്കെടുക്കുന്ന എല്ലാവരും നിർദിഷ്ട ടെൻഡർ ഫോറത്തിൽ ദർഘാസ് സമർ പ്പിക്കേണ്ടതാണ്.ടെൻഡർ ഫോറത്തിൻെറ വില 500/ പ്ലസ് വാറ്റ് ആയിരിക്കും.ടെൻഡർ ഫോറത്തി ൻെറ വിൽപന 22.03.2017 ന് രാവിലെ 11 മണിവരെ മാത്രമായിരിക്കും. ടെൻഡർ ഫോറത്തിൻെറ വില യാതൊരു കാരണവശാലും മടക്കിനൽകുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് ഫാം പ്രവർത്തിസമയങ്ങളിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

മാനേജർ(മാർക്കറ്റിങ്ങ്.)

മാനേജിങ്ങ്

ഡയറക്ടർക്കുവേണ്ടി

<u>വിതരണം</u>:

അടുത്തുള്ള എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും – ഈ പരസ്യം നോട്ടീസ് ബോർഡിൽ പതിക്കണമെന്ന് അപേക്ഷ.

മാനേജർ(ഫിനാൻസ്), ഫാം സൂപ്രണ്ട്, സെക്യൂരിറ്റി ഓഫീസർ, സ്റ്റോർ ഓഫീസർ, നോട്ടീസ് ബോർഡുകൾ, ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും(തപാൽ മുഖേന), കരുതൽ ഫയൽ.

/cd/